**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6781** **13.07.2012-ൽ മറുപടിക്ക്**

**12-ാം പദ്ധതിയുടെ ഭാഗമായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആരംഭിച്ച പദ്ധതികൾ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കെ. ദാസൻ | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) 12-ാം പദ്ധതിയുടെ ഭാഗമായി സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | എ) 12-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ, പകർച്ചവ്യാധികൾ ആവർത്തിച്ച് ഉണ്ടാകാറുള്ള ആലപ്പുഴ ജില്ലയ്ക്ക് വേണ്ടി ആരോഗ്യവകുപ്പ് മുൻകൈ എടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഒരു സമഗ്ര ആരോഗ്യ പദ്ധതി തയ്യാറാക്കുകയുണ്ടായി. ഈ പദ്ധതിക്ക് ലഭിച്ച പ്രോത്സാഹനവും താൽപര്യവും കണക്കിലെടുത്ത് ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും ജീവിതശൈലി രോഗ നിയന്ത്രണ പരിപാടികളുമാണ് എല്ലാ ജില്ലകളിലും പൊതുവായി നടപ്പിലാക്കുന്നത്. ഇതനുസരിച്ച് 2012 ജനുവരി മുതൽ തന്നെ സംസ്ഥാനതലത്തിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ 3 ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ജീവിതശൈലിരോഗ നിയന്ത്രണ പരിപാടികൾക്കും ആരംഭം കുറിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ (ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ, പഞ്ചായത്ത്) ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; എങ്കിൽ അനുവദിച്ച തുക എത്രയെന്നും വിശദീകരിക്കുമോ ;<br>സി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ? | (ബി) യും (സി) യും<br>12-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള 'സമഗ്ര' ആരോഗ്യ പരിപാടിയും ജീവിതശൈലിരോഗനിയന്ത്രണ പരിപാടികളും കൊയിലാണ്ടി നിയോജക മണ്ഡലത്തിലും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ